ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 26.02.2025** | പ്രധാന വാർത്തകൾ | **TIME : 12.50 PM**

1. രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് മധ്യപ്രദേശിൽ. ബാഗേശ്വർ ധാമിൽ നടക്കുന്ന സമൂഹവിവാഹത്തിൽ രാഷ്ട്രപതി പങ്കെടുക്കുന്നു.

   **President Droupadi Murmu is in Madhya Pradesh today. The President will attend a community wedding at Bageshwar Dham.**

2. ഇന്ന് മഹാശിവരാത്രി. രാജ്യത്തുടനീളമുള്ള ശിവക്ഷേത്രങ്ങളിൽ വൻ ഭക്തജനത്തിരക്ക്. കേരളത്തിലും വിപുലമായ ഒരുക്കങ്ങൾ.

   **Today marks Mahashivratri. Huge crowds of devotees are visiting Shiva temples across the country. Extensive arrangements have been made in Kerala as well.**

3. പ്രയാഗ് രാജിൽ നടക്കുന്ന മഹാകുംഭമേളക്ക് ഇന്ന് സമാപനം. ഇതുവരെ പുണ്യസ്നാനം നടത്തിയത് 64 കോടിയിലധികം പേർ.

   **The Maha Kumbh Mela happening in Prayagraj concludes today. So far, more than 64 crore people have taken the holy dip.**

4. വരും കാലഘട്ടത്തിൽ രാജ്യത്തിൻറെ വളർച്ചയിൽ ബഹിരാകാശ മേഖല സുപ്രധാന ഘടകമാകുമെന്ന് കേന്ദ്രമന്ത്രി ജിതേന്ദ്രസിംഗ്.

   **Union Minister Jitendra Singh has stated that in the coming years, the space sector will be a crucial component in the country's growth.**

5. കേരളത്തിൽ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കാൻ സ്വീകരിച്ച നടപടികൾ വിലയിരുത്തുന്നതിന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ

നാളെ ഉന്നതതല യോഗം.

**A high-level meeting will be held tomorrow under the leadership of the Chief Minister to assess the measures taken to reduce human-wildlife conflicts in Kerala.**

6. **രഞ്ജി ട്രോഫി ഫൈനലിൽ കേരള - വിദർഭ മത്സരം പുരോഗമിക്കുന്നു. ആദ്യ കിരീട പ്രതീക്ഷയിൽ കേരളം.**

**The Ranji Trophy final match between Kerala and Vidarbha is underway. Kerala, hopeful of winning their first-ever title.**

**&&&&&&&&&&&&&&&&**

## HEADLINE – 1
## PRESIDENT - MP VISIT

മധ്യപ്രദേശിലെ ബാഗേശ്വർ ധാമിൽ നടക്കുന്ന സമൂഹ വിവാഹത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു പങ്കെടുക്കുന്നു. ഗവർണർ മങ്കുഭായി പട്ടേൽ, മുഖ്യമന്ത്രി മോഹൻ യാദവ്, ക്രിക്കറ്റ് താരങ്ങൾ അടക്കമുള്ള അതിഥികളും ചടങ്ങിൽ പങ്കെടുക്കുന്നുണ്ട്. ഇന്ന് വിവാഹിതരാകുന്ന 251 പെൺകുട്ടികളിൽ 225 ഓളം പേർ ഗോത്രവർഗ-ദളിത്-പിന്നാക്ക വിഭാഗങ്ങളിൽ പെട്ടവരാണ്. നവ ദമ്പതികൾക്ക് രാഷ്ട്രപതി ആശംസകളും അർപ്പിക്കും.

**&&&&&&&&&&&&&&&&**

## HEADLINE – 2
## MAHASIVARATHRI + KASARGOD - INTRO

ഇന്ന് മഹാശിവരാത്രി. രാജ്യത്തുടനീളമുള്ള ശിവക്ഷേത്രങ്ങളിലെല്ലാം വൻ ഭക്തജനത്തിരക്കാണ് അനുഭവപ്പെടുന്നത്. കേരളത്തിലെ ശിവക്ഷേത്രങ്ങളിലും വിപുലമായ ഒരുക്കങ്ങളാണ് സജ്ജീകരിച്ചിരിക്കുന്നത്. മഹാശിവരാത്രി ദിനത്തിൽ കാസർഗോഡ് ജില്ലയിലെ പ്രധാന ശിവക്ഷേത്രങ്ങളിൽ ഭക്തർക്ക് വിപുലമായ

സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത്.

**വിശദാംശ ങ്ങളുമായി ആകാശവാണി കാസ ർഗോഡ് ജില്ലാ പ്രതിനിധി പി. ജഗ ന്നിവാസൻ...**

(വോയ്സ്)

**&&&&&&&&&&&&&&&&**

## PREZ-VP-PM-MAHASIVARATHRI

മഹാശിവരാത്രിയോടനുബന്ധിച്ച് രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗദീപ് ധൻഖർ, പ്രധാനമന്ത്രി നരേന്ദ്രമോദി എന്നിവർ ജനങ്ങൾക്ക് ആശംസകൾ നേർന്നു. വികസിതഭാരതം എന്ന ലക്ഷ്യത്തിലെത്താൻ ശിവരാത്രി ആഘോഷങ്ങൾ ശക്തിപകരുമെന്ന് പ്രധാനമന്ത്രി പ്രത്യാശ പ്രകടിപ്പിച്ചു.

**&&&&&&&&&&&&&&&&**

## MAHASIVARATHRI - ALUVA

ശിവരാത്രി ആഘോഷങ്ങൾക്ക് ആലുവ മണപ്പുറം ഒരുങ്ങി. 116 ബലിതറകളാണ് ശിവരാത്രിക്കായി ഇക്കുറി ഒരുക്കിയത്. വൈകിട്ട് മുതൽ ജനങ്ങൾ പിതൃ കർമ്മങ്ങൾക്കായി മണപ്പുറത്തേക്കെത്തും. രാത്രി 10 മണിയോടെ ശിവരാത്രി ബലിയും നാളെ രാവിലെ 8.30 ഓടെ വാവുബലിയും നടക്കും. പെരിയാറിന് മറുകരയിലുള്ള അദ്വൈതാശ്രമത്തിലും ബലിതർപ്പണം നടത്താൻ സൗകര്യം ഒരുക്കിയിട്ടുണ്ട്. വൈകിട്ട് മുതൽ നാളെ ഉച്ച വരെ ആലുവ നഗരത്തിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. കൊച്ചി മെട്രോയുടെ ഇന്നത്തെ സർവീസ് സമയം ദീർഘിപ്പിച്ചു.

**&&&&&&&&&&&&&&&&**

## HEADLINE – 3
## REV. MAHA KUMBH

മഹാ കുംഭ മേള 2025 നു ഇന്ന് പ്രയാഗ്‌രാജിൽ സമാപനം. മഹാശിവരാത്രി ദിനത്തിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ഭക്തർ സ്നാനത്തിനായി എത്തിയിട്ടുണ്ട്. കഴിഞ്ഞ മാസം 13 നു ആരംഭിച്ച മഹാ കുംഭമേളയിൽ 64 കോടിയിലേറെപ്പേരാണ് പങ്കെടുത്തത്. ചടങ്ങുകളുടെ അവസാന ദിനമായ ഇന്ന് കർശന സുരക്ഷയാണ് ഒരുക്കിയിരിക്കുന്നത്. മേള നടക്കുന്ന ഇടങ്ങളിൽ വാഹനങ്ങൾക്ക് പ്രവേശനം അനുവദിക്കില്ല.

&&&&&&&&&&&&&&&&

## HM AMIT SHAH VISIT

കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് തമിഴ്നാട്ടിലെ കോയമ്പത്തൂരിൽ ബി ജെ പി യുടെ പുതിയ മന്ദിരം ഉദ്ഘാടനം ചെയ്യും. ഇശാ യോഗ കേന്ദ്രത്തിൽ നടക്കുന്ന ശിവരാത്രി ആഘോഷങ്ങളിലും അദ്ദേഹം പങ്കെടുക്കും. ഇന്നലെ കോയമ്പത്തൂർ വിമാനത്താവളത്തിൽ എത്തിയ ശ്രീ. അമിത് ഷായെ കേന്ദ്ര സഹമന്ത്രി എൽ മുരുഗൻ, തമിഴ് നാട് ബി ജെ പി അധ്യക്ഷൻ കെ അണ്ണാമലൈ എന്നിവരുടെ നേതൃത്വത്തിൽ സ്വീകരിച്ചു.

&&&&&&&&&&&&&&&&

## MoS MARGHERITA- FOREIGN VISIT

യുറുഗ്വേ, ബാർബഡോസ്, ബഹാമാസ്, നികാരഗ്വേ എന്നീ രാജ്യങ്ങളിലേക്കുള്ള കേന്ദ്ര വിദേശകാര്യ സഹമന്ത്രി പബിത്ര മാർഗരിറ്റയുടെ സന്ദർശനത്തിന് വെള്ളിയാഴ്ച്ച തുടക്കമാകും. യുറുഗ്വേയിൽ പുതിയ പ്രസിഡന്റിന്റെ സത്യപ്രതിജ്ഞയിൽ അദ്ദേഹം പങ്കെടുക്കും. ഒൻപത്

ദിവസത്തെ സന്ദർശനത്തിനിടയിൽ വിവിധ വിദേശകാര്യ മന്ത്രിമാർ, രാഷ്ട്രീയ നേതാക്കൾ, വ്യവസായ പ്രമുഖർ തുടങ്ങിയവരുമായി കേന്ദ്ര സഹമന്ത്രി കൂടിക്കാഴ്ച നടത്തും. ഇന്ത്യൻ വംശജർ, പ്രവാസികൾ എന്നിവരുമായും അദ്ദേഹം ആശയവിനിമയം നടത്തും.

&&&&&&&&&&&&&&&&

## PM - VEER SAVARKAR

സ്വാതന്ത്ര്യ സമര സേനാനി വീർ സവർക്കറുടെ ചരമവാർഷിക ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ആദരം അർപ്പിച്ചു. സ്വാതന്ത്ര്യ പ്രസ്ഥാനത്തിന് വേണ്ടിയുള്ള സവർക്കറുടെ വിലമതിക്കാനാകാത്ത സംഭാവനകൾ രാജ്യം വിസ്മരിക്കില്ലെന്ന് പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&

## J AND K HIGH COURT - NH

ജമ്മുകശ്മീരിൽ പത്താൻകോഡ് - ഉധംപൂർ ദേശീയ പാത 44 ലുളള രണ്ട് ടോൾ പ്ലാസകളിലെ നിരക്ക് കുറയ്ക്കാൻ ഉത്തരവിട്ട് ജമ്മുകശ്മീർ, ലഡാക്ക് ഹൈക്കോടതി. ഡൽഹി - അമൃത് സാർ -കത്ര എക്സ്പ്രസ്സ് പദ്ധതി പൂർത്തിയാകുന്നതുവരെ ടോൾ നിരക്കിന്റെ 20 ശതമാനം മാത്രമേ ഈടാക്കാൻ പാടുള്ളൂ എന്നും ഹൈക്കോടതി ഉത്തരവിൽ പറയുന്നു.

&&&&&&&&&&&&&&&&

## HEADLINE – 5
## HIGH LEVEL MEETING - CM KERALA

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കാൻ സ്വീകരിക്കുന്ന നടപടികൾ വിലയിരുത്തുന്നതിന് മുഖ്യമന്ത്രി പിണറായി വിജയൻ വിളിച്ച ഉന്നതതല യോഗം നാളെ. ഉച്ചയ്ക്ക് 3.30 ന് സെക്രട്ടറിയേറ്റിലെ മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആണ് യോഗം. വനം, ധനകാര്യം, തദ്ദേശ സ്വയംഭരണം, വൈദ്യുതി, റവന്യൂ, ആരോഗ്യം, ജലസേചനം വകുപ്പ് മന്ത്രിമാർ യോഗത്തിൽ പങ്കെടുക്കും. ചീഫ് സെക്രട്ടറി സംസ്ഥാന പോലീസ് മേധാവി, സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി എന്നിവരും യോഗത്തിൽ സന്നഹിതരാകും.

&&&&&&&&&&&&&&&&

## HEADLINE – 4
## JITHENDRA SINGH- SPACE ECONOMY - INTRO

വരും കാലഘട്ടത്തിൽ ബഹിരാകാശ മേഖല, ഇന്ത്യയുടെ വളർച്ചയിൽ സുപ്രധാന ഘടകമാകുമെന്ന് കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ്. ഒരു സ്വകാര്യ ചാനൽ നടത്തിയ ബിസിനസ്സ് കോൺക്ലേവിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇന്ന് എട്ട് ശതകോടി ഡോളർ മൂല്യമുള്ളതാണ് ഇന്ത്യയുടെ ബഹിരാകാശ രംഗം. അടുത്ത എട്ട് വർഷങ്ങൾക്കുള്ളിൽ ഇത് അഞ്ചിരട്ടി വളർന്ന്, നാൽപ്പത്തി നാല് ശതകോടി ഡോളർ മൂല്യത്തിലേക്കുയരുമെന്നും ശ്രീ. ജിതേന്ദ്ര സിംഗ് വ്യക്തമാക്കി.

(ഹോൾഡ് വോയ്സ്)

&&&&&&&&&&&&&&&&

## DPIIT - PAYTM

രാജ്യത്തെ ഫിൻടെക് സ്റ്റാർട്ടപ്പുകളുടെ വളർച്ച ഊർജ്ജിതമാക്കാനും, നവീകരണം പ്രോത്സാഹിപ്പിക്കാനും ലക്ഷ്യമിട്ട് കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന് കീഴിലെ DPIIT പേയ് ടി എമ്മുമായി ധാരണാപത്രത്തിൽ ഒപ്പുവച്ചു. ഫിൻടെക് ഹാർഡ്‌വെയർ സ്റ്റാർട്ടപ്പുകൾക്ക് പിന്തുണ നൽകാനും, പേയ്മെന്റ് സാങ്കേതികവിദ്യകൾ വികസിപ്പിക്കുന്നതിലും, മാർഗ്ഗനിർദ്ദേശം നൽകാനും പങ്കാളിത്തത്തിലൂടെ ലക്ഷ്യമിടുന്നതായി വാണിജ്യ മന്ത്രാലയം വ്യക്തമാക്കി.

&&&&&&&&&&&&&&&&

## TEMPERATURE

കേരളത്തിൽ ചിലയിടങ്ങളിൽ ഇന്ന് 4°C വരെ താപനില ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ ഉഷ്ണതരംഗത്തിനും സാധ്യതയുള്ളതിനാൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് മുന്നറിയിപ്പുണ്ട്.

&&&&&&&&&&&&&&&&

## HEADLINE – 6
## RANJI TROPHY

രഞ്ജി ട്രോഫി ക്രിക്കറ്റിൽ കന്നി കിരീടം ലക്ഷ്യമിട്ട് കേരളം. നാഗ്പൂരിൽ ഇന്ന് രാവിലെ ആരംഭിച്ച ഫൈനലിൽ വിദർഭയാണ് കേരളത്തിൻറെ എതിരാളികൾ. ടോസ് നേടി ബൗളിംഗ് തിരഞ്ഞെടുത്ത കേരളം രണ്ടാമത്തെ ബോളിൽ തന്നെ വിദർഭയുടെ ആദ്യ വിക്കറ്റ് വീഴ്ത്തി. എം ഡി നിധീഷിനാണ് വിക്കറ്റ്. ഒടുവിൽ വിവരം ലഭിക്കുമ്പോൾ വിദർഭ 3 വിക്കറ്റിന് 81 റൺസെന്ന നിലയിലാണ്.

&&&&&&&&&&&&&&&&

## CHAMPIONS TROPHY

പാകിസ്ഥാനിൽ നടക്കുന്ന ഐ.സി.സി പുരുഷ ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റ് ഗ്രൂപ്പ് ബിയിൽ, ഇന്ന് ഇംഗ്ലണ്ട് - അഫ്ഗാനിസ്ഥാൻ പോരാട്ടം. ലാഹോറിലെ ഗദ്ദാഫി സ്റ്റേഡിയത്തിൽ ഉച്ചയ്ക്ക് 2:30 നാണ് മത്സരം. ആദ്യ മത്സരങ്ങളിൽ തോറ്റ ഇംഗ്ലണ്ടും അഫ്ഗാനിസ്ഥാനും ഗ്രൂപ്പ് ബിയിൽ അവസാന സ്ഥാനത്താണ്. തോൽക്കുന്ന ടീം ടൂർണമെന്റിൽ നിന്ന് പുറത്താകും.

&&&&&&&&&&&&&&&&

## WPL

വനിതാ പ്രീമിയർ ലീഗ് ട്വൻറി-20 ടൂർണമെൻറിൽ ഇന്ന് മുബൈ ഇന്ത്യൻസ് യുപി വാരിയേഴ്സുമായി ഏറ്റുമുട്ടും. ബംഗളൂരുവിലെ ചിന്നസ്വാമി സ്റ്റേഡിയത്തിൽ രാത്രി 7.30 ആണ് മത്സരം.

&&&&&&&&&&&&&&&&

## ISL

ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് ഈസ്റ്റ് ബംഗാൾ FC – ഹൈദരാബാദ് FC പോരാട്ടം. വൈകിട്ട് ഏഴരയ്ക്ക് കൊൽക്കത്തയിലാണ് മത്സരം. നാല് മത്സരം മാത്രം വിജയിച്ച ഹൈദരബാദ് പോയിൻറ് പട്ടികയിൽ പന്ത്രണ്ടാം സ്ഥാനത്താണ്.

&&&&&&&&&&&&&&&&

## OBIT

ആകാശവാണി തിരുവനന്തപുരം നിലയത്തിലെ B HIGH GRADE ARTIST ആയ ആർ. അപ്പുക്കുട്ടൻ നായർ അന്തരിച്ചു. 98 വയസ്സായിരുന്നു. കർണാടിക് സംഗീത വിദഗ്ദ്ധനായിരുന്നു അദ്ദേഹം.

**&&&&&&&&&&&&&&&&**

## CBSE-BOARD EXAM

അടുത്ത അധ്യയന വർഷം മുതൽ പത്താം ക്ലാസിലേക്ക് രണ്ട് ബോർഡ് പരീക്ഷകൾ നടത്തുന്നതിനുള്ള കരട് നയത്തെക്കുറിച്ച് CBSE പ്രതികരണം തേടി. കരട് നയത്തിൽ, പത്താം ക്ലാസിലെ ബോർഡ് പരീക്ഷകൾ ആദ്യ ഘട്ടം ഫെബ്രുവരി മുതൽ മാർച്ച് വരെയും രണ്ടാം ഘട്ടം മെയ് മാസത്തിൽ നടത്താനും സിബിഎസ്ഇ നിർദ്ദേശിച്ചു. അടുത്ത മാസം 9 ന് മുമ്പ് പ്രതികരണം സമർപ്പിക്കണം. ആദ്യഘട്ടത്തിലെ ഫലം മെച്ചപ്പെടുത്താൻ ആഗ്രഹിക്കുന്നവർ രണ്ടാം ഘട്ടം എഴുതിയാൽ മതിയാവും.

**&&&&&&&&&&&&&&&&**

## BRITAIN - DEFENCE BUDGET

2027 ഓടെ ബ്രിട്ടന്റെ പ്രതിരോധ ചെലവ് മൊത്ത ആഭ്യന്തര ഉൽപാദനത്തിൻ്റെ 2.5 ശതമാനമായി ഉയർത്തുമെന്ന് പ്രധാനമന്ത്രി കെയർ സ്റ്റാർമർ. ബ്രിട്ടീഷ് പാർലമെന്റിലെ ഹൗസ് ഓഫ് കോമൺസിലായിരുന്നു പ്രഖ്യാപനം. ജിഡിപിയുടെ 2.3 ശതമാനമാണ് ബ്രിട്ടൻ്റെ നിലവിലെ പ്രതിരോധ ചിലവ്.

**&&&&&&&&&&&&&&&&**

## TN ACCIDENT

തമിഴ് നാട്ടിലെ കാരൂർ ജില്ലയിൽ രാവിലെയുണ്ടായ വാഹനാപകടത്തിൽ അഞ്ച് പേർ മരിച്ചു. കാരൂർ- ട്രിച്ചി ഹൈവേയിൽ കുളിത്തലയിൽ കാറും ബസും കൂട്ടിയിടിച്ചായിരുന്നു അപകടം.

&&&&&&&&&&&&&&&&

## US-UKRAINE DEAL

അപൂർവ ധാതുക്കളുടെ സംസ്കരണം ഉൾപ്പെടെയുള്ള മേഖലകളിൽ സാമ്പത്തിക കരാറിൽ ഏർപ്പെടാൻ യുക്രൈയിനും അമേരിക്കയും ധാരണയായി. അമേരിക്കയിൽ നിന്ന് അടിയന്തിര സൈനിക സഹായം തുടർന്നും ലഭിക്കാൻ കരാർ വഴിയൊരുക്കുമെന്ന് യുക്രൈനിയൻ സൈനികവൃത്തങ്ങൾ പ്രതീക്ഷ പങ്കുവച്ചു.

&&&&&&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&